## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1545 — 16/03/2015-ലെ മറുപടിയ്ക്ക്

### കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ കോമ്പൻസേഷൻ പാക്കേജ് അനുവദിക്കുന്നതിനുവേണ്ടി ബഹു.ധനവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ കോമ്പൻസേഷൻ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ; | ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനായി കോർപ്പറേഷന്റെ ലാഭവിഹിതത്തിൽ നിന്നും പരമാവധി തുക നൽകി വരുന്നു. |
| സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ; | സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ഡി) അഗ്രോ ബസാറുകൾക്ക് ആവശ്യമായ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാം; | ഡി) അഗ്രോ ബസാറുകൾക്കായി മാത്രം സ്ഥിരം തസ്തികകൾ ഒന്നും അനുവദിച്ചിട്ടില്ല. |
| ഇ) 2015-16 സാമ്പത്തിക വർഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി പുതിയ | ഇ) 2015-16 സാമ്പത്തിക വർഷം അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന |

പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. സംസ്ഥാനത്ത് അഗ്രോ ബസാർ ശൃംഖലകൾ തുടങ്ങുന്നതിനായി 825 ലക്ഷം രൂപയുടെ പദ്ധതി.

2. സംസ്ഥാനത്ത് കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പരിസരത്ത് ഹൈടെക്ഫാമും കാർഷിക വ്യാപാര കേന്ദ്രവും സ്ഥാപിക്കുന്നതിനായി 400 ലക്ഷം രൂപയുടെ പദ്ധതി.

3. സംസ്ഥാനത്ത് 13 കേന്ദ്രങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ ഉപകരണങ്ങൾ, ഹൈടെക് കൃഷിക്കാവശ്യമായ സാമഗ്രികൾ, മഴവെള്ള സംഭരണികൾ ഇവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിൽക്കുന്ന കേന്ദ്രം ആരംഭിക്കുന്നതിനായി 130 ലക്ഷം രൂപയുടെ പദ്ധതി.

4. കോഴിക്കോട്ടും എറണാകുളത്തും അഗ്രോ തൊഴിൽ സേന സ്ഥാപിക്കുന്നതിനായി 80 ലക്ഷം രൂപയുടെ പദ്ധതി.

സെക്ഷൻ ഓഫീസർ